# ഉപഭോക്തൃ സങ്കട പരിഹാര ഫോറം

**വൈദ്യുതി വിഭാഗം, തൃശ്ശൂർ കോർപ്പറേഷൻ**

**തൃശ്ശൂർ - 680 001.**

നമ്പർ : CGRF – 4837/25 തിയ്യതി : 07.08.2025

**ഹാജർ**

| | | |
|---|---|---|
| ടി. എസ്. ജോസ് | - | ചെയർപേഴ്സൺ |
| കെ.വിനുകൃഷ്ണൻ | - | മെമ്പർ |
| അഡ്വ. അസിയ.പി.കെ | - | മെമ്പർ |

സുരേഷ്. സി.
AO, പെന്റാർക്ക് അപ്പാർട്ട്മെന്റ്
പൂത്തോൾ റോഡ് — പരാതിക്കാരൻ
ജയലക്ഷ്മി സിൽക്ക്സിനു സമീപം

ലൈസൻസിയ്ക്കു വേണ്ടി
അസിസ്റ്റന്റ് സെക്രട്ടറി,
വൈദ്യുതി വിഭാഗം — എതിർകക്ഷി
തൃശ്ശൂർ കോർപ്പറേഷൻ
തൃശ്ശൂർ - 680 001.

**പരാതിയുടെ സംക്ഷിപ്ത രൂപം :**

14255 – C കൺസ്യൂമർ നമ്പറിലുള്ള വൈദ്യുതി കണക്ഷനിലെ 516940 - ാം നമ്പർ ബിൽ തുക അധികമാണെന്നും അതിനു മുൻമാസത്തിൽ നൽകിയ ബില്ലിൽ LP (Locked Premise) രേഖപ്പെടുത്തിയത് തെറ്റാണെന്നുമാണ് പരാതി. പരാതിക്കാരന്റെ അപ്പാർട്ട്മെന്റ് കോംപ്ലക്സിൽ 72 അപ്പാർട്ട്മെന്റുകളുടെയും മീറ്റർ ഒരേ റൂമിലാണ് സ്ഥാപിച്ചിരിക്കുന്നത്. പരാതിക്കാരന്റെ മീറ്ററിലെ റീഡിങ്ങ് ഒഴികെ എല്ലാ മീറ്ററുകളിലെയും റീഡിങ്ങ് എടുത്തിട്ടുണ്ട്. മീറ്റർ റീഡിങ്ങിലെ തകരാർ പരിഹരിച്ച് 10 മാസത്തെ മുൻ റീഡിങ്ങുകൾ പരിശോധിച്ച് അധികമായി ഈടാക്കിയ സർച്ചാർജ്ജ് അടക്കമുള്ള തുക തിരികെ നൽകാനും ആവശ്യപ്പെട്ടിട്ടുണ്ട്.

**ഫോറത്തിന്റെ നടപടികൾ :**

10.07.2025 ന് ഫോറം പരാതി ഫയലിൽ സ്വീകരിച്ചു. സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയറോട് സത്യവാങ്മൂലം ലഭ്യമാക്കുന്നതിന് ആവശ്യപ്പെട്ടു. 31.07.2025 ന് ഫോറം ചേർന്ന് പരാതി പരിശോധിച്ചു.

**വിഷയത്തിൽ സെക്ഷൻ അസിസ്റ്റന്റ് എഞ്ചിനീയർ സമർപ്പിച്ച സത്യവാങ്മൂലം.**

19/10/2 എന്ന കെട്ടിട നമ്പറിൽ ശ്രീ. സുരേഷ്. സി. എന്നയാളുടെ പേരിൽ നൽകിയിട്ടുള്ള 14255 – C എന്ന വൈദ്യുതി കണക്ഷനിൽ ബിൽ തുക കൂടുതലാണ് എന്ന പരാതി സി.ജി.ആർ.എഫിൽ നൽകിയതിന്റെ അടിസ്ഥാനത്തിൽ സ്ഥലം പരിശോധിക്കുകയും പരാതിയിൽ സൂചിപ്പിക്കുന്ന ബില്ലിനെ സംബന്ധിച്ച് (ബിൽ നം.: 516940) മുൻപ് പരാതി ലഭിക്കുകയും മീറ്റർ പരിശോധിച്ച് തകരാർ ഇല്ല എന്ന് ബോദ്ധ്യപ്പെടുകയും ചെയ്തിട്ടുള്ളതാണ്.

മേൽ കണക്ഷനിൽ പരാതിയിൽ സൂചിപ്പിച്ചിരിക്കുന്ന ബില്ലിന് തൊട്ടു മുൻപ് വന്ന 24.02.2025 ലെ ബിൽ എൽ.പി. ആവറേജ് ആയിട്ടാണ് ബിൽ ചെയ്തിരിക്കുന്നത്. മുൻ ബിൽ എൽ.പി. ആയതിനാലാണ് തുടർന്നു വന്ന ബില്ലിൽ വലിയ വ്യത്യാസം വന്നതെന്ന് മനസ്സിലാക്കുന്നു. മീറ്റർ റീഡർ ജീവനക്കാരനോട് എൽ.പി. ചെയ്യേണ്ട സാഹചര്യം അന്വേഷിച്ചതിൽ നിന്നും റീഡിംഗ് എടുക്കുന്ന സമയം (24.02.2025) മീറ്റർ റൂമിൽ ഡ്രെയിനേജ് വാട്ടർ കെട്ടിക്കിടന്ന് റീഡിംഗ് എടുക്കാൻ പറ്റാത്ത അവസ്ഥയാണ് ഉണ്ടായിരുന്നതെന്ന് അറിയിച്ചിട്ടുള്ളതാണ്. വിശദമായി പരിശോധിച്ചതിൽ നിന്നും മേൽ കെട്ടിടം മീറ്റർ റീഡിംഗ് ബുക്ക് പ്രകാരം ഇ1 സെക്ഷൻ W 28 ആണെന്നും 24.02.2025 ൽ കെട്ടിടത്തിലെ എല്ലാ ഫ്ളാറ്റിലും എൽ.പി. ആവറേജ് ബിൽ ആണ് നൽകിയിരിക്കുന്നതെന്നും ബോദ്ധ്യപ്പെട്ടിട്ടുണ്ട്.

റീഡിങ്ങ് ലഭ്യമാകാത്ത സാഹചര്യത്തിൽ കഴിഞ്ഞ 3 ബില്ലുകളിലെ യൂണിറ്റിൻെറ ആവറേജ് പ്രകാരമാണ് ബിൽ നൽകിയിട്ടുള്ളത്. മീറ്ററിന് തകരാറ് ഇല്ല എന്നും പരിശോധിച്ച് ഉറപ്പു വരുത്തിയിട്ടുള്ളതാണ്.

**ഫോറത്തിൻെറ നിഗമനം :**

പരാതിക്കാരൻെറ അപ്പാർട്ട്മെന്റ് കോംപ്ലക്സിലെ 72 അപ്പാർട്ട്മെന്റിലും എൽ.പി. ആവറേജിനാണ് ബിൽ നൽകിയിട്ടുള്ളത്. മീറ്റർ റൂമിൽ ഡ്രെയിനേജ് വാട്ടർ കെട്ടിക്കിടന്ന് റീഡിങ്ങ് എടുക്കാൻ സാധിക്കാത്ത സാഹചര്യം ആണ് ഉണ്ടായിട്ടുള്ളത്. റീഡിങ്ങ് ലഭ്യമാകാത്ത സാഹചര്യത്തിൽ തൊട്ട് മുൻപുള്ള മാസങ്ങളിലെ ബില്ലിലെ യൂണിറ്റിൻെറ ആവറേജ് കണക്കാക്കി നൽകിയിട്ടുള്ളതും തുടർന്ന് വന്ന ബില്ലിൽ ആയത് ക്രമീകരിക്കുകയും ചെയ്തിട്ടുണ്ട്.

**ഉത്തരവ് നടപടികൾ :**

സപ്ലൈകോഡ് 2014 സെക്ഷൻ 124(1) പ്രകാരം if the licensee is not able to access the meter for reading, a provisional bill may be issued on the basis of the average consumption of the previous three billing cycles. മീറ്റർ റീഡിംഗ് ലഭ്യമാകാത്ത സാഹചര്യത്തിൽ, റീഡിംഗ് ലഭിച്ചിരുന്ന മൂന്ന് ബില്ലുകളിൽ ഉപയോഗിച്ച യൂണിറ്റുകളുടെ ശരാശരി യൂണിറ്റിന് ബില്ല് നൽകുകയും അടുത്ത ബില്ലിൽ ആയത് ക്രമീകരിക്കുകയും ചെയ്ത ലൈസൻസിയുടെ നടപടി ശരിയാണ് എന്നതിനാൽ ബില്ല് അംഗീകരിച്ച് ഉത്തരവാകുന്നു.

| | | |
|---|---|---|
| അഡ്വ. അസിയ.പി.കെ | വിനുകൃഷ്ണൻ. കെ | ടി.എസ്. ജോസ് |
| മെമ്പർ | മെമ്പർ | ചെയർപേഴ്സൺ |